**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **08-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം നിലനിൽക്കുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിലും സ്വകാര്യ ബസ്സുകളിലും സ്കൂൾ വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (എ) | നവംബർ മാസം മുതൽ സ്കൂൾ തുറക്കുവാൻ നിശ്ചയിച്ച സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് നിലവിൽ തുടർന്നു വരുന്ന രീതിയിൽ കൺസഷൻ നിരക്കിൽ യാതൊരു വ്യത്യാസവും വരുത്താതെ ഓപ്പറേറ്റ് ചെയ്തു വരുന്ന ഓർഡിനറി ബസ്സുകളിൽ ക്രമപ്രകാരം യാത്രാ സൗകര്യം നൽകുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രത്യേക ബസ് ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് ബസ് ഓൺ ഡിമാന്റ് (BOND) പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടികൾക്ക് മാത്രമായി പ്രത്യേകമായി ബസ് നൽകുന്നതിന് പദ്ധതി തത്ത്വത്തിൽ ധാരണയായിട്ടുണ്ട്. ഇത് നിലവിൽ സർക്കാർ ജീവനക്കാർക്കും പൊതുജനങ്ങൾക്കുമുള്ള യാത്രാ സൗകര്യത്തിനായി ഏർപ്പെടുത്തിയ ബസ് ഓൺ ഡിമാന്റ് (BOND) സർവ്വീസിന്റെ മാതൃകയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഓരോ സ്കൂളുകളുടേയും ആവശ്യകതയനുസരിച്ചും ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവ അനുസരിച്ചും സ്കൂളുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഇത്തരത്തിൽ കുട്ടികൾക്ക് മാത്രമായി പ്രത്യേകം ബസ്സുകൾ, പ്രത്യേക ബസ് നിരക്ക് നിശ്ചയിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ